# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 62

30/06/2016 -ലെ
മറുപടിയ്ക്ക്.

**പട്ടികജാതിയിൽപ്പെട്ടവരുടെ വായ്പാകുടിശ്ശിക**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.വി. അൻവർ**<br>**ശ്രീ. ആർ. രാജേഷ്**<br>**ശ്രീ. കെ. കുഞ്ഞിരാമൻ**<br>**ശ്രീ. ഡി.കെ. മുരളി** | **ശ്രീ.എ.കെ. ബാലൻ**<br>പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |

| ക്രമ നം. | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പട്ടികജാതിയിൽപ്പെട്ടവരുടെ വായ്പാ കുടിശ്ശിക എഴുതിതള്ളാനുള്ള പദ്ധതി നിലവിലുണ്ടോ; ഇതിന്റെ വിശദാംശം അറിയിക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ സംസ്ഥാനപട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ വകുപ്പ് എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31/03/2010 ന് മുൻപ് തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായി തീർന്നിട്ടുള്ളതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ 1,00,000/- രൂപ വരെ സർക്കാർ എഴുതി തള്ളുന്ന പദ്ധതി നിലവിലുണ്ട്<br>(ഈ പദ്ധതിക്ക് തുടക്കംകുറിച്ചത് 2009 ലാണ്) |
| (ബി) | ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയും എത്ര തുക വരെയുമാണ് എഴുതിത്തള്ളുന്നത്; അതിനായുള്ള നിബന്ധനകൾ എന്തൊക്കെയാണ്; | (ബി) | സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ , സഹകരണവകുപ്പ് എന്നിവിടങ്ങളിൽ നിന്നുള്ള വായ്പകളാണ് എഴുതി തള്ളുന്നത് . 31/03/2010 ന് മുൻപ് തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായി തീർന്ന വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ 1,00,000/- രൂപ വരെ എഴുതി തള്ളുന്നതാണ്. |

| | | | |
|---|---|---|---|
| | | | നിബന്ധനകൾ ഉൾപ്പെട്ട സർക്കാർ ഉത്തരവ് (അച്ചടി) 24/2015/പജപവവിവ , തീയതി 30/03/15. പകർപ്പ് അനുബന്ധമായി (A)ചേർക്കുന്നു |
| (സി) | കൂടുതൽ പ്രയോജനം ലഭിക്കുംവിധം പദ്ധതി പുനരാവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ;എങ്കിൽ അതിന്റെ വിശദാംശം നൽകുമോ? | (സി) | ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്